(സി) കോളേജ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച പരാതികൾ ഈ കമ്മിറ്റികൾ പരിശോധിക്കാറുണ്ട്.

(ഡി) ഇതു സംബന്ധിച്ച ചില മീഡിയാ റിപ്പോർട്ടുകളല്ലാതെ മറ്റു പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം

30 (1752) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ അക്കാദമിക്ക് ബ്ലോക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള പഴക്കംചെന്ന അക്കാദമിക്ക് ബ്ലോക്കിന്റെ മേൽക്കൂര അടർന്ന് വീണ് ജീവനക്കാരിക്ക് പരിക്ക് പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

എ.സി. ആറിന്റെ പ്രവർത്തനം

31 (1753) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അഡ്വാൻസ്ഡ് ക്ലിനിക്കൽ റിസർച്ച് ലാബ് (എ.സി.ആർ.) ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) യോഗ്യരായ ടെക്നിക്കൽ ജീവനക്കാരുടെ കുറവുമൂലം പലപ്പോഴും ഈ ലാബിന്റെ പ്രവർത്തനം തടസ്സപ്പെടുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവിടെ ആവശ്യമായ സാങ്കേതിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly